MAHATMA GANDHI UNIVERSITY
PRIYADARSINI HILLS P.O., KOTTAYAM,
KERALA, INDIA, 686560
Established by Kerala State Legislature by Notification No. 3431/Leg.Cl/85/Law, dated 17th April 1985

NAAC GRADE A++

വാർത്താക്കുറിപ്പ്

2026 ഒക്ടോബർ 01

എടവണ്ണ ഗ്രാമപഞ്ചായത്ത് വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചു

മലപ്പുറം ജില്ലയിലെ എടവണ്ണ ഗ്രാമപഞ്ചായത്തിനെ വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിച്ചു. മഹാത്മാഗാന്ധി സർവകലാശാലയിലെ യൂണിവേഴ്സിറ്റി ഓഫ് തേർഡ് ഏജിന്റെ (എംജിയു3എ) നേതൃത്വത്തിൽ മാസങ്ങളായി നടത്തി വരുന്ന വയോജനക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പ്രഖ്യാപനം. ലോക വയോജനദിനമായ ഒക്ടോബർ ഒന്ന് വ്യാഴാഴ്ച ചെമ്പക്കുത്ത് ടി.പി. റോയൽ പ്ലാസ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടി പൊതുമരാമത്ത് വകുപ്പ് മന്ത്രി  പി. കെ. ബഷീർ ഉദ്ഘാടനം ചെയ്തു. മലപ്പുറം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ജബ്ബാർ ഹാജി അധ്യക്ഷത വഹിച്ചു. എംജിയു3എ ഡയറക്ടർ ഡോ. ടോണി കെ. തോമസാണ് പ്രഖ്യാപനം നടത്തിയത്.

വയോജന സൗഹൃദ പഞ്ചായത്തായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി എടവണ്ണ ഗ്രാമപഞ്ചായത്തിലെ 24 വാർഡുകളിലായി 48 എംജിയു3എ യൂണിറ്റുകൾ രൂപീകരിക്കുകയും, ഫെസിലിറ്റേറ്റർമാരുടെ നേതൃത്വത്തിൽ അംഗങ്ങൾക്കായി പ്രത്യേക ശിൽപശാലകൾ സംഘടിപ്പിക്കുകയും ചെയ്തു. മെമ്മറി വ്യായാമങ്ങൾ, സർഗ്ഗാത്മക പ്രവർത്തനങ്ങൾ എന്നിവയിലൂടെ അംഗങ്ങളുടെ മാനസിക ശാരീരിക ആരോഗ്യം മെച്ചപ്പെടുത്താൻ നിരന്തരമായ ഇടപെടലുകൾ നടത്തി. യൂണിറ്റുകൾ മാസത്തിൽ രണ്ട് തവണ യോഗം ചേരുന്നുണ്ട്. നൈസർഗികമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് വേദികൾ ഒരുക്കുകയും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന അംഗങ്ങളെ പ്രത്യേകം അനുമോദിക്കുകയും ചെയ്തുവരുന്നു. എംജിയു3എ അംഗം വിജയലക്ഷ്മിയുടെ കവിതാസമാഹാരം പരിപാടിയിൽ വെച്ച് പ്രകാശനം ചെയ്തു.

സമൂഹത്തിൽ വയോജനങ്ങളുടെ ക്രിയാത്മക ഇടപെടൽ ഉറപ്പാക്കുന്നതിനായി അഗോള തലത്തിൽ പ്രവർത്തിക്കുന്ന സംവിധാനമാണ് 'യൂണിവേഴ്സിറ്റി ഓഫ് ദ തേർഡ് ഏജ്' (യു3എ). ഇന്ത്യയിൽ ആദ്യമായി ഈ പരിപാടി നടപ്പാക്കിയത് മഹാത്മാഗാന്ധി സർവകലാശാലയാണ്. സർവകലാശാല വികസിപ്പിച്ച 'തീം-സെന്റേർഡ് ഇന്ററാക്ഷൻ' എന്ന വികസന മനഃശാസ്ത്ര സമീപനത്തെ അടിസ്ഥാനമാക്കിയാണ് എംജിയു3എ-യുടെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. വയോജനങ്ങളുടെ ശാരീരിക, മാനസിക,

സാമൂഹിക ക്ഷേമം ഉറപ്പാക്കുന്നതിനൊപ്പം അവരുടെ അനുഭവസമ്പത്തും കഴിവുകളും സമൂഹത്തിന്റെ വികസനത്തിനായി പ്രയോജനപ്പെടുത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്.
അരീക്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ടി. ആയിഷ, എടവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുനീറ സമദ്, ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.
ഫോട്ടോ ക്യാപ്ഷൻ: പരിപാടി പൊതുമരാമത്ത് വകുപ്പ് മന്ത്രി  പി. കെ. ബഷീർ ഉദ്ഘാടനം ചെയ്യുന്നു.
പി.ആർ.ഒ/880/2026

മഹാത്മാഗാന്ധി സർവകലാശാല വിദ്യാർഥിക്ക് കനേഡിയൻ ഗവൺമെന്റ് സ്കോളർഷിപ്പ്

മഹാത്മാഗാന്ധി സർവകലാശാലാ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിലെ എം.ടെക്. എനർജി സയൻസ് ആൻഡ് ടെക്നോളജി വിദ്യാർഥി രേഷ്മ സി. എസിന് കനേഡിയൻ ഗവൺമെന്റിന്റെ ക്വീൻ എലിസബത്ത് II ഡയമണ്ട് ജൂബിലി സ്കോളർഷിപ്പ്.
എം ടെക് പ്രൊജക്റ്റിന്റെ ഭാഗമായി ഒരു വർഷത്തെ ഗവേഷണത്തിനാണ് ടൊറന്റോ മെട്രോപൊളിറ്റൻ സർവകലാശാലയിലെ കെമിക്കൽ എൻജിനിയറിങ് വിഭാഗത്തിൽ രേഷ്മ തിരഞ്ഞെടുക്കപ്പെട്ടത്. ഇലക്ട്രോകെമിക്കൽ എനർജി സ്റ്റോറേജ്, സോളിഡ് സ്റ്റേറ്റ് ബാറ്ററികൾ എന്നീ മേഖലകളിലാണ് ഗവേഷണം.

തൃശ്ശൂർ ചൊവ്വൂർ, ചെറുവത്തേരി ചെറുകുന്നത്ത് മനയിൽ ശശി സി. ഡി.യുടെയും ഗൗരി പി. പി.യുടെയും മകളാണ്.
ഫോട്ടോ ക്യാപ്ഷൻ: രേഷ്മ സി. എസ്
പി.ആർ.ഒ/881/2026

എം.ജി.യു. ഓൺലൈൻ പ്രോഗ്രാമുകൾ: അപേക്ഷ ഒക്ടോബർ 10 വരെ നീട്ടി

മഹാത്മാഗാന്ധി സർവകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ 2026 ജൂലൈ സെഷൻ പ്രവേശനത്തിന് ഒക്ടോബർ 10 വരെ അപേക്ഷിക്കാം. എം.ബി.എ, എം.കോം, എം.എ, ബി.കോം, ബി.ബി.എ, ബി.എ തുടങ്ങിയ കോഴ്സുകളിലേക്ക് പ്രായപരിധിയില്ലാതെ അപേക്ഷിക്കാവുന്നതാണ്. യു.ജി.സി അംഗീകാരമുള്ള ഈ കോഴ്സുകൾ റെഗുലർ ഡിഗ്രിക്ക് തുല്യമാണ്. വിശദ വിവരങ്ങൾക്ക് www.cdoe.mgu.ac.in  ഫോൺ-0481 2731010.
പി.ആർ.ഒ/882/2026

അസിസ്റ്റന്റ് പ്രൊഫസർ കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാമേഴ്സ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ് സ്ഥാപനത്തിലെ കെമിസ്ട്രി വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർമാരെ നിയമിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. നിലവിലെ അക്കാദമിക് വർഷത്തേക്ക് (2027 ഏപ്രിൽ 15 വരെ) ആണ് നിയമനം. പ്രതിമാസം 40,000 രൂപയാണ് ശമ്പളം. യു.ജി.സി മാനദണ്ഡങ്ങൾക്ക് വിധേയമായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തോടൊപ്പമുള്ള അപേക്ഷാഫോം പൂരിപ്പിച്ച് ആവശ്യമായ യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ഒക്ടോബർ 10ന് മുമ്പായി recruitmentada7@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ അപേക്ഷ അയക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് www.mgu.ac.in സന്ദർശിക്കുക.
പി.ആർ.ഒ/883/2026

പരീക്ഷാഫലം

മൂന്നും നാലും സെമസ്റ്റർ എംഎസ്.സി മാത്തമാറ്റിക്സ് പ്രൈവറ്റ് രജിസ്ട്രേഷൻ (2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016,2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, 2014, 2015 അഡ്മിഷനുകൾ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

----------

രണ്ടാം സെമസ്റ്റർ എംഎസ്.സി മോളിക്യൂലാർ ബയോളജി ആൻഡ് ജനറ്റിക് എഞ്ചിനീയറിംഗ് (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 15 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

----------

രണ്ടാം സെമസ്റ്റർ എംഎ ഇംഗ്ലീഷ് (പിജിസിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020-2024 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഒക്ടോബർ 16 വരെ ഓൺലൈനിൽ അപേക്ഷിക്കാം.
പി.ആർ.ഒ/884/2026

പബ്ലിക് റിലേഷൻസ് ഓഫീസർ





മഹാത്മാഗാന്ധി
യൂണിവേഴ്സിറ്റി കോട്ടയം
എടവണ്ണ ഗ്രാമ പഞ്ചായത്തിനെ (MGU3A)
വയോജന സൗഹൃദ
പഞ്ചായത്തായി
ലോക വയോജന ദിനത്തിൽ
തേഡ് എജ്
സംഗമത്തിൽ
പ്രഖ്യാപിക്കുന്നു
LINSHA


